"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായെടുത്ത വാഹനത്തിന്റെ വാടക നൽകുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2328/2023/LSGD തീയതി,തിരുവനന്തപുരം, 24-11-2023

---

പരാമർശം:-
1. 29.09.2022 ലെ അലനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ3-330/2022 നമ്പർ കത്ത്
2. 26/09/2023 -ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം 2.7 ഖണ്ഡിക 4.53

**ഉത്തരവ്**

അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ എടത്തനാട്ടുകര MCF ലേക്ക് ശ്രീ അബ്ദുൽ സലാം എന്നയാളുടെ KL-04-5919 എന്ന നമ്പറിലുള്ള വാഹനത്തിലാണ് നീക്കം ചെയ്തത് എന്നും 15.10.2020 മുതൽ 18.10.2021 വരെ ഈ വാഹനം ഉപയോഗിച്ചെങ്കിലും വാടക നൽകിയിട്ടില്ല എന്നും വാടകയിനത്തിൽ നൽകേണ്ട തുക 1,27,000 രൂപയാണ് എന്നും പരാമർശം 1 പ്രകാരം അലനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

2) 22.06.2023-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും ആയതിലെ തീരുമാനപ്രകാരം ഈ വാഹനം എത്ര ദിവസമാണ് ഗ്രാമപഞ്ചായത്തിനുവേണ്ടി വാടകയ്ക്ക് എടുത്തത്, എത്ര കിലോമീറ്റർ ഓടി, ലോഗ് ബുക്കിന്റെ പകർപ്പ് എന്നിവയടക്കം റൂറൽ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ആയത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 123,000 രൂപ വാഹന വാടകയിനത്തിൽ നല്കാവുന്നതാണ് എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

3) ടി വിഷയം 26/09/2023 ൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പരാമർശം 2 യോഗതീരുമാനപ്രകാരം ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന നിബന്ധനയോടെ വാഹന വാടകയിനത്തിൽ 1,23,000/- രൂപ നൽകുവാൻ അനുമതി നൽകുകയുമുണ്ടായി.

4) മേൽ സാഹചര്യത്തിൽ, അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ എടത്തനാട്ടുകര MCF ലേക്ക് നീക്കം ചെയ്തതിന് വാഹന വാടകയിനത്തിൽ നൽകേണ്ടതായി കണക്കാക്കിയിരിക്കുന്ന 1,23,000/- രൂപ, ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന നിബന്ധനയോടെ നൽകാൻ

അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
സെക്രട്ടറി,അലനല്ലൂർ ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്,പ്ലാനിംഗ് ബോർഡ്,പട്ടം,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 24-11-2023 18:26:15
സെക്ഷൻ ഓഫീസർ